For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 2 | ജനുവരി 2008

വാർത്താപത്രിക

## എട്ടാം വർഷത്തിലേക്ക് ശുഭ പ്രതീക്ഷയോടെ

റിന്യൂവൽ ഒരു ആത്മിക ശുശ്രൂഷയാണ്. ക്രൈസ്തവ തത്ത്വാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ ട്രെൻഡ് സെറ്റർ (Trend Setter) അഥവാ പ്രവണതകൾക്ക് തുടക്കം കുറിക്കുന്നവർ എന്ന നിലയിൽ റിന്യൂവൽ അനവധി കാര്യങ്ങൾക്ക് മുന്നോടിയായിട്ടുണ്ട്. റിന്യൂവൽ നിമിത്തം നമ്മുടെ മദ്ധ്യത്തിലുള്ള പത്രപ്രവർത്തന രംഗത്തു വരുന്ന മാറ്റങ്ങൾ കാണുമ്പോൾ അത്യധികം സന്തോഷമുണ്ട്. മിഷൻ ഫീൽഡിലെ അപൂർവ്വ വാർത്തകൾ അനവധി ഹൃദയങ്ങളെ വെല്ലുവിളിച്ചിട്ടുണ്ട്. പ്രാർത്ഥനാ കലണ്ടർ വ്യക്തികളായി മാത്രമല്ല സഭകളായും പ്രയോജനപ്പെടുത്തുന്നുണ്ട്. റിന്യൂവലിന്റെ മാത്രം പ്രത്യേകതയായ പംക്തികൾക്ക് ലഭിക്കുന്ന അംഗീകാരം ശ്രദ്ധേയമാണ്.

എട്ടാം വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ ഇത്രത്തോളം സഹായിച്ച നമ്മുടെ കർത്താവിന് സകല മഹത്വവും അർപ്പിക്കുന്നു. നിർദ്ദേശങ്ങൾ നൽകിയും പ്രാർത്ഥനയിൽ ഓർത്തും പിന്തുണ നൽകുന്ന മാന്യവായനക്കാരോടും സഹകാരികളോടും ഞങ്ങൾ നന്ദി അറിയിക്കുന്നു. ആരംഭത്തിൽ പ്രഖ്യാപിച്ച നയം ഒരിക്കൽകൂടി പ്രസിദ്ധീകരിക്കുന്നു.

- യഥാർത്ഥ ഉപദേശങ്ങൾക്ക് (ദൈവ വചന സത്യങ്ങൾ) നിരക്കുന്നതുമാത്രം പ്രസിദ്ധീകരിക്കുക.
- പാപത്തെ പാപമായി കാണുകയും പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുക.
- ദൈവ സാന്നിദ്ധ്യത്തിലുള്ള എഡിറ്റിംഗ് എന്ന ആശയം പ്രാവർത്തികമാക്കുക.
- കുറ്റം പറഞ്ഞ് നിരാശപ്പെടുത്താതിരിക്കുക.
- ആരേയും തേജോവധം ചെയ്യാതിരിക്കുക.
- അസത്യങ്ങൾക്കും അർദ്ധസത്യങ്ങൾക്കും ഇടംകൊടുക്കാതിരിക്കുക.
- വിഭാഗിയത വളർത്തുന്നതിന് കൂട്ടുനിൽക്കാതിരിക്കുക.
- ആത്മീക അഭിവൃദ്ധിക്കുവേണ്ടി മുഖംനോക്കാതെ ധൈര്യമായി നിലകൊള്ളുക.

ഇതിനു വിപരീതമായത് എന്തെങ്കിലും ചൂണ്ടിക്കാണിച്ചാൽ തിരുത്താൻ ഞങ്ങൾ തയ്യാറാണ്.

പ്രിന്റിംഗ് ചെലവുകൾക്കു മാത്രം ഉതകുന്ന വരിസംഖ്യയാണ് നിശ്ചയിച്ചിരിക്കുന്നത്. സഹകാരികളായി ചേർന്നും ഈ പ്രവർത്തനത്തിൽ പങ്കാളികളാകാം. ആത്മീക ഉണർവ്വ് ലക്ഷ്യമാക്കി ശുഭ പ്രതീക്ഷയോടെ മുമ്പോട്ട് പോകുമ്പോൾ നിങ്ങളുടെ പ്രാർത്ഥന വിലപ്പെട്ടതാണ്.

*— എഡിറ്റർ ഇൻ ചാർജ്ജ്*

# മലബാർ ആത്മതപന യോഗം

## യേശുവിന്റെ യാഗത്തെ അംഗീകരിക്കുന്നവർ ത്യാഗം ചെയ്യണം

യേശുവിന്റെ യാഗത്തെ അംഗീകരിക്കുന്നവർ ഒരു ത്യാഗം ചെയ്യണം. വീഴ്ച്ചകളെ ഏറ്റുപറയുക എന്നതാണ് ആ ത്യാഗം. കോഴിക്കോട് ബ്രദ്റൻ സഭാഹാളിൽ നടന്ന ആത്മതപന യോഗത്തിൽ (മലബാർ പ്രയർ കോൺഫറൻസ്) സംസാരിക്കുകയായിരുന്നു സഹോദരൻ മാത്യുപോൾ. ഈ ആത്മതപന യോഗം യാദൃച്ഛികമായി സംഭവിച്ചതല്ല. ദൈവം ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നതാണ്. ദൈവത്തിന് ചെവികൊടുക്കുന്ന ചിലരിലൂടെ ദൈവത്തിന്റെ ഹൃദയഭാരം ദൈവം നിവർത്തിക്കുകയാണിവിടെ. യെരുശലേമിന്റെ ശൂന്യാവസ്ഥ എഴുപത് സംവത്സരം കൊണ്ട് തീരും എന്നിങ്ങനെയുള്ള പ്രവചനവും അതിന്റെ കാലസംഖ്യയും ദാനിയേൽ ഗ്രഹിച്ചു. ദൈവവചനത്തിന്റെ കീഴിൽ ഇരുന്നതു കൊണ്ടാണ് തനിക്ക് ഇത് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ദൈവം വചനത്തിലൂടെ അക്കാര്യം വെളിപ്പെടുത്തിയപ്പോൾ ദാനിയേൽ ഉപവസിച്ചു പ്രാർത്ഥിച്ചു. തന്റെയും പിതൃഭവനത്തിന്റെയും പാപങ്ങളെ ഏറ്റു പറഞ്ഞു. ഇന്ന് നാമും ദൈവവചനത്തിൽ ഉറ്റിരിക്കണം. ഉറ്റിരിപ്പിൻ എന്നു പറഞ്ഞാൽ ചെയ്യുന്ന കാര്യം തുടർമാനമായി ചെയ്തുകൊണ്ടിരിപ്പിൻ എന്നാണ് അർത്ഥം. മറ്റൊരർത്ഥത്തിൽ ദൈവത്തോട് ചോദിച്ച് മനസിലാക്കുക എന്നതാണ് (യെശയ്യ. 45:11). യാക്കോബിന്റെ ലേഖനത്തിൽ പ്രാർത്ഥനയുടെ ആഹ്വാനവും, തീഷ്ണതയും കൂടുതൽ വ്യക്തമാകും. 5:13-ൽ നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവർ പ്രാർത്ഥിക്കട്ടെ. പ്രാർത്ഥിക്കുവാൻ മറക്കുമ്പോഴാണ് ദൈവം കഷ്ടം തരുന്നത്. കഷ്ടത്തിലും പ്രാർത്ഥിച്ചില്ലയെങ്കിൽ അടുത്തപടി ദീനമാണ്. ദീനം അല്ലെങ്കിൽ രോഗം ദൈവം തരുന്നതാകാം. ഒരു പക്ഷെ ശിക്ഷയുമാകാം. ഈ അവസ്ഥയിൽ മൂന്നുതരം പ്രാർത്ഥനയാണ് യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്നത് - ഒറ്റയ്ക്ക്, സഭയായ്, അന്യോന്യം. കഷ്ടം അനുഭവിക്കുന്നയാൾ അല്ലെങ്കിൽ രോഗം അനുഭവിക്കുന്നയാൾ ആദ്യം ഒറ്റയ്ക്ക് പ്രാർത്ഥിക്കണം. യാക്കോബ് 5:16-ൽ രോഗശാന്തി വരേണ്ടതിന് എന്നൊരു പ്രയോഗം കാണുന്നുണ്ട്. ഗ്രീക്കിൽ ഈ വാക്ക് 'സ്വസ്ഥത' എന്നാണ്. ഈ സ്വസ്ഥത നാം അനുഭവിക്കണമെങ്കിൽ അന്യോന്യം പാപങ്ങളെ ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കണം. സ്വസ്ഥതയുണ്ടാക്കുവാനുള്ള 'ഒറ്റമൂലി' ഏറ്റുപറയുക എന്നതാണ്. മാനുഷീകമായി പാപങ്ങളെ ഏറ്റുപറയുക എന്നു പറഞ്ഞാൽ വളരെ പ്രയാസകരമാണ്. എന്നാൽ ക്രിസ്തുവിന്റെ യാഗത്തെ അംഗീകരിക്കുന്നവർ ഈ ഒരു ത്യാഗം ചെയ്തേ പറ്റൂ. വ്യക്തിപരമായ നമുക്കോരോരുത്തർക്കും സ്വസ്ഥതയുണ്ടാകുവാനും സഭകളുടെ അഭിവൃദ്ധിക്കായും ഈ ത്യാഗത്തിന് നാം തയ്യാറാകണം.



*എം.എം. സഖറിയ, മാത്യു പോൾ*

*ശേഷം 3-ാം പേജിൽ*

# ആദിവാസികളുടെ പേരിൽ ഒരു സംസ്ഥാനം



*റാഞ്ചി നഗരം*

ബീഹാറിന്റെയും, ബംഗാളിന്റെയും ഭൂപ്രദേശങ്ങൾ ചേർത്താണ് 2000 നവംബർ 15ന് ജാർഖണ്ഡ് സംസ്ഥാനം രൂപം കൊണ്ടത്. ഭാരതത്തിൽ ആദിവാസികളുടെ പേരിൽ അറിയപ്പെടുന്ന ഏക സംസ്ഥാനമാണ് ജാർഖണ്ഡ്. 2001 ലെ സ്ഥിതി വിവര കണക്കനുസരിച്ച് രണ്ടര കോടിയിലധികമാണ് ഇവിടുത്തെ ജനസംഖ്യ. ഇതിൽ ഭൂരിഭാഗവും ആദിവാസി ഗോത്രക്കാരാണ്. ഇവരിൽ തന്നെ 30-ൽപരം ഗോത്രങ്ങളും, അവരുടേതായ ഭാഷകളുമുണ്ട്. ഈ മേഖലയിൽ 18-ാം നൂറ്റാണ്ടിന്റെ അവസാനങ്ങളിൽ മിഷണറി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. അന്നത്തെ ബീഹാറിലെയും ബംഗാളിലെയും വിദേശ മിഷണറിമാർ ഈ മേഖലയെ പ്രത്യേകം പരിഗണിച്ചിരുന്നു. അതിന് പ്രധാന കാരണം ആദിവാസികൾ അനുഭവിച്ചിരുന്ന ദുരിതമായിരുന്നു. അന്നത്തെ പരിഷ്കൃത മനുഷ്യരും സമൂഹവും ആദിവാസികളെ തങ്ങളിൽ നിന്ന് അകറ്റി നിർത്തിയപ്പോൾ അവരെ തിരിച്ചറിയാനും സഹായിക്കാനും മിഷണറിമാർ മുൻകൈയ്യെടുത്തു. വിദ്യാഭ്യാസ ആരോഗ്യരംഗത്തേക്ക് അവരെ കൈപ്പിടിച്ചുയർത്തിയ മിഷണറിമാർ അവരോടു കൂടെ അവരുടെ ആൾക്കാരായി ജീവിച്ചു. പിന്നീട് ബീഹാറിൽ ഉണ്ടായ ശക്തമായ ക്രിസ്തീയ വിരോധം ഈ മേഖലയിലെ പ്രവർത്തകരെയും പ്രവർത്തനത്തേയും കാര്യമായി ബാധിച്ചില്ല. അതിനു പ്രധാന കാരണം മിഷണറിമാർ ആ സൂഹത്തിന്, വളരെ വേണ്ടപ്പെട്ടവരാണെന്നതായിരുന്നു. ഇന്ന് ബീഹാറിൽ ഉള്ളതിനേക്കാൾ കൂടുതൽ ക്രിസ്തീയ സ്ഥാപനങ്ങൾ ജാർഖണ്ഡിലുണ്ട്. അതുകൊണ്ടു തന്നെ ക്രിസ്ത്യാനികൾ എന്നത് ഇവിടുത്തുകാർക്ക് അന്യമല്ല.



*ബാലവേലയ്ക്കെതിരെ നടന്ന സമരം*

പൊതുവേ ആദിവാസികൾ വന, ഗ്രാമാന്തരങ്ങളിൽ താമസിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്. വിചിത്രമായ വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന ഇവർ പ്രകൃതി ശക്തികളേയും, മലകളെയും, വൃക്ഷങ്ങളെയും, ഭൂതപ്രേതങ്ങളെയും ആരാധിക്കുന്നവരാണ്. ധാർമ്മീക മൂല്യം വളരെ കുറവായതുകൊണ്ട് ചെറുപ്രായത്തിൽ തന്നെ ഭൂരിഭാഗവും അസന്മാർഗ്ഗീക പാതയിൽ സഞ്ചരിക്കുന്നു. ഇതിൽ ഉളവാകുന്ന തലമുറ സമൂഹത്തിൽ സൃഷ്ടിക്കുന്ന തലവേദന ചെറുതല്ല. അടിപിടി, മദ്യപാനം, അക്രമം എന്നിവയിലൂടെ ദാരിദ്ര്യ സമൂഹമായി മാറുന്നത് ഒരു ദയനീയ കാഴ്ചയാണ്.

ഭാരതത്തിൽ ജനസംഖ്യയുടെ അനുപാതമനുസരിച്ച് ഏറ്റവും കൂടുതൽ ബാലവേലക്കാരുള്ള സംസ്ഥാനമാണ് ജാർഖണ്ഡ്. വിദ്യാഭ്യാസത്തിനും പരിഷ്ക്കാരത്തിനും പുരോഗമന മനോഭാവം ഇല്ലാത്തവരായതുകൊണ്ടായിരിക്കാം ഇങ്ങനെ ബാലവേല ഇവിടെ വർദ്ധിക്കുവാൻ കാരണം. എന്നാൽ ഈ അടുത്ത സമയത്ത് ബാലവേലയ്ക്കെതിരായ് ശക്തമായ പ്രക്ഷോഭം ചില സംഘടനകൾ തുടങ്ങി. ബാലവേലക്കാരെ ഭാരതത്തിന്റെ മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകുന്ന, അപകടകരമായ സ്ഥിതിയിലാണ് പ്രക്ഷോഭം ശക്തമായത്. 2002-ൽ എതിർപ്പുകൾ ശക്തമായെങ്കിലും ഒളിഞ്ഞും തെളിഞ്ഞും ബാലവേല തുടരുകയാണിവിടെ. അതിനു പ്രധാന കാരണം കുട്ടികൾക്ക് വിദ്യാഭ്യാസത്തിനേക്കാൾ ഉപരി തൊഴിലിനോടാണ് ആഭിമുഖ്യമെന്നതാണ്.

ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ യേശുവിന്റെ സുവിശേഷത്തിനേ സാധിക്കൂ എന്ന തിരിച്ചറിവ് സുവിശേഷ വിഹിതസഭകളെയും സംഘടനകളെയും ജാർഖണ്ഡിൽ കൊണ്ടെത്തിച്ചു. വിവിധ സുവിശേഷ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് നടക്കുന്നുണ്ട്. എന്നാൽ 24 ജില്ലകളിൽ പത്ത് ജില്ലകളിലാണ് ബ്രദ്റൻ സുവിശേഷ, പ്രവർത്തനങ്ങൾ നടക്കുന്നത്. 25 പേരാണ് നമ്മുടെ സുവിശേഷക്കാരായ് അവിടെയുള്ളത്. അതിൽ 15 പേര് ജാർഖണ്ഡ്കാരായ ആദിവാസികളാണെന്നുള്ളത് ആശ്വസിക്കാൻ വക നൽകുന്നതാണ്. കാരണം, അവിടത്തുകാരോട് സുവിശേഷം പറയുവാൻ ഏറ്റവും നല്ലത് അവർ തന്നെയാണ്. ഇതുമൂലം അവരുടെ മദ്ധ്യത്തിൽ വിശ്വാസികളുടെയും സഭകളുടെയും എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. 2007 ഒക്ടോബറിൽ നടന്ന ജാർഖണ്ഡ് ബ്രദ്റൻ സംഗമം ഇത് കൂടുതൽ വ്യക്തമാക്കി.

റാന്നി സിയോൻ കുന്ന് സഭാംഗമായിരുന്ന സഹോദരൻ. പി.എം. സ്കറിയ ചെന്നൈയിലെ ബൈബിൾ സ്കൂൾ പഠന ശേഷം 1976-ൽ ദേവ്ഘറിൽ സുവിശേഷ പ്രവർത്തനത്തിനായ് കടന്നു ചെന്നു. 5 വർഷത്തിനുശേഷം ടാറ്റാനഗറിൽ പ്രവർത്തിക്കുകയും, തുടർന്ന് സഭാകൂട്ടായ്മ ആരംഭി

*ശേഷം 3-ാം പേജിൽ*

# കമ്യൂണിസത്തിൽ നിന്ന് കർത്താവിങ്കലേക്ക് ....

മരിച്ചു എന്ന് വിധിയെഴുതിയ ഡോക്ടർ പറഞ്ഞു നിനക്ക് ദൈവത്തിന്റെ കൃപയുണ്ട്! വിപ്ലവരക്തം സിരകളിലോടുന്ന ജെ.പി. ഇമ്മാനുവൽ എന്ന വിപ്ലവകാരിയുടെ ഹൃദയത്തിൽ ഈ വാക്കുകൾ ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു. വീണ്ടും ഒരു മടങ്ങിവരവിന് കളമൊരുക്കിയ ആ മരണ ദിനങ്ങൾ തന്നെ കൊണ്ടെത്തിച്ചത് സ്നേഹ വിപ്ലവത്തിന്റെ പോർക്കളത്തിലാണ്. തമിഴ്നാട്ടിലെ കടലൂരിൽ പ്രായാധിക്യത്തിലും ഊർജ്ജസ്വലനായി പ്രവർത്തിക്കുന്ന 80 വയസ് പിന്നിട്ട സുവിശേഷകൻ ജെ.പി. ഇമ്മാനുവൽ തന്റെ 50 വർഷത്തെ സുവിശേഷ പ്രവർത്തനത്തെക്കുറിച്ചും ജീവിതത്തിൽ അനുഭവിച്ച ദൈവകൃപയെക്കുറിച്ചും റിന്യൂവൽ പ്രതിനിധിയോട്.

**ജീവിതത്തെ അടിമുടി മാറ്റിമറിച്ച മരണത്തെ മുഖാമുഖം കണ്ട ആ സംഭവത്തെക്കുറിച്ച് പറയാമോ?**

ഏകദേശം 16 വയസ്സുള്ളപ്പോഴാണത്. കൊടൈക്കനാലിൽ ഒരു തയ്യൽക്കാരനായി കഴിയുമ്പോൾ ചെറുതും വലുതുമായ വസൂരി (Small-pox) ഒന്നിച്ചു വന്നു. പകർച്ചവ്യാധി പിടിച്ചവരെ കിടത്തുന്ന ആശുപത്രി മുറിയിൽ 3 മാസം കിടന്നു. രോഗം വർദ്ധിച്ച് അബോധാവസ്ഥയിലായി. ഇടയ്ക്ക് ബോധം വന്നപ്പോൾ ഡോക്ടറുടെ ശബ്ദം എന്റെ കാതിൽപ്പതിഞ്ഞു. ഇന്നു രാത്രിതന്നെ മരിക്കും. നാളെ രാവിലെ കുഴിച്ചിടണം എന്ന്. എന്നാൽ രാവിലെ ഡോക്ടർ വന്നപ്പോൾ എന്നെ ബോധമുള്ളവനായും അസുഖം കുറഞ്ഞവനായും കണ്ടു. അങ്ങനെ ജീവിതത്തിലേക്ക് തിരിച്ചുവന്നു.

**സ്വന്തസ്ഥലം കൊടൈക്കനാലാണോ?**

അല്ല. ഞാൻ ജനിച്ചത് സിലോണിലാണ്. കേരളത്തിൽ നിന്ന് സിലോണിൽ ഉദ്യോഗസ്ഥരായി എത്തിയ സി.എം.എസ്. കുടുംബത്തിൽ രണ്ടാമത്തെ മകനായി 1927-ൽ ജനിച്ചു. ഒരു വിദേശ ബിഷപ്പ് മാമ്മോദീസ നൽകി. ഇമ്മാനുവൽ എന്ന പേരും തന്നു. പിന്നീട് ഞാൻ വിദ്യാഭ്യാസത്തിനായി പുനലൂരുള്ള ബന്ധു വീട്ടിലെത്തി. അവർ വേർപാടുകാരായിരുന്നു.

**അങ്ങനെയാണോ വേർപാടുകാരുമായി ബന്ധം വരുന്നത്?**

അതെ. ഞാൻ അവിടെ വെച്ച് സൺഡേസ്കൂൾ മുഖാന്തിരം 12-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ടു. 3 മാസത്തിനു ശേഷം സ്നാനപ്പെട്ടു. ബ്രദർ. പി.റ്റി. ചാക്കോ (പുനലൂർ ചാക്കോച്ചൻ) ആണ് ആത്മീയ പിതാവ്.

**പിന്നെങ്ങനെയാണ് കൊടൈക്കാനാലിലെത്തിയത്?**

ഞാൻ 6-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് ഒരു അദ്ധ്യാപകനുമായുണ്ടായ തർക്കത്തെ തുടർന്ന് സ്കൂൾ വിട്ടിറങ്ങി. ഈ സമയത്ത് എന്റെ മാതാപിതാക്കൾ സിലോണിൽ നിന്ന് കൊടൈക്കനാലിലെത്തിയിരുന്നു. അതുകൊണ്ടു ഞാനും അവിടെയെത്തി.



**കൊടൈക്കനാലിലെ ജീവിതം എങ്ങനെയായിരുന്നു?**

ആത്മീയമായി യാതൊരു കൂട്ടായ്മയും അവിടില്ലായിരുന്നു. തുന്നൽ പഠിച്ച് തയ്യൽക്കാരനായി കമ്യൂണിസത്തിൽ ആകൃഷ്ടനായി. അന്ന് കമ്യൂണിസം നിരോധിക്കപ്പെട്ടിരുന്ന സമയം. കൊടൈക്കനാലിലെ ആദ്യത്തെ കമ്യൂണിസ്റ്റ് പതാക ഞാനുയർത്തി. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിന്ന് എനിക്ക് രഹസ്യമായി സഹായവും ഒത്താശയും കിട്ടി. തയ്യൽക്കട വിപുലമാക്കി ഏ.കെ.ജി, നമ്പൂതിരിപ്പാട്, രണദിവെ, എസ്.എ. ഡാങ്കേ മുതലായവരെ പരിചയപ്പെട്ടു നേതൃത്വത്തിലേക്കുയർന്നു. ആവശ്യത്തിനു പണം. ലഹരി പദാർത്ഥങ്ങൾക്കടിമ.

**കമ്യൂണിസത്തിൽ നിന്ന് എങ്ങനെ വിടുവരാനിടയായി?**

മുമ്പു സൂചിപ്പിച്ച രോഗമാണ് എന്നെ അതിനിടയാക്കിയത്. അത്ഭുതകരമായി രോഗത്തിൽ നിന്ന് രക്ഷപ്പെട്ട എന്നോട് ഡോക്ടർ പറഞ്ഞു. "തമ്പീ ഉനക്ക് കടവുൾ അരുൾ ഉണ്ട്. (നിനക്ക് ദൈവത്തിന്റെ കൃപയുണ്ട്). ദൈവം, കൃപ ഈ വാക്കുകൾ എന്റെ ഹൃദയത്തിൽ പതിച്ചു. അപ്പോഴേക്കും, തയ്യൽക്കട എനിക്ക് നഷ്ടപ്പെട്ടിരുന്നു. കമ്യൂണിസ്റ്റായതുകൊണ്ട് വീട്ടിൽ നിന്ന് പുനലൂരിൽ തിരിച്ചെത്തി. പുനലൂർ ചാക്കോച്ചനുപദേശി എന്നെ വീണ്ടും സഭാബന്ധത്തിലേക്ക് കൊണ്ടുവന്നു.

**വീണ്ടും തമിഴ്നാട്ടിലേക്ക് വരാനുണ്ടായ കാരണം?**

പുനലൂർ സഭയിൽ കൂട്ടായ്മയിൽ ഇരിക്കുമ്പോൾ 1954ൽ വിവാഹിതനായി. പ്രാർത്ഥനയും ഭക്തിയുമുള്ള ഏലിയാമ്മയെ ആണ് വിവാഹം കഴിച്ചത്. പിന്നെ ഞാൻ കോട്ടയത്ത് ബൈബിൾ സ്കൂളിൽ പഠിച്ചു. പ്രഗത്ഭരായ ദൈവദാസന്മാരുടെ ക്ലാസ്സുകളും സഹവാസവും മൂലം ഞാൻ ദൈവവേലയിൽ തല്പരനായിത്തീർന്നു. വീണ്ടും മധുരയിലെത്തി ബൈബിൾ പഠിച്ചു. വിശ്വാസത്താലുള്ള ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ചെറിയാൻ സാറിൽ നിന്ന് പഠിച്ചു. തുടർന്ന് 1960ൽ ഡിൻഡിഗലിൽ എത്തി. സി.വി. സാമുവേലിൽ നിന്നും, മിഷനറി വൈൻ സായിപ്പിൽ നിന്നും പേഴ്നൽ ഇവാഞ്ചലിസത്തെപ്പറ്റി മനസ്സിലാക്കി. തമിഴ്നാട്ടിൽ തന്നെ പ്രവർത്തിക്കാൻ പ്രേരണയുണ്ടായി. 1963ൽ കടലൂരിനടുത്തുള്ള നെല്ലിക്കുപ്പത്തെത്തി. ആരാധനയും, സൺഡേസ്കൂളും ആരംഭിച്ചു. ആ സമയത്ത് 3 മൈൽ ചുറ്റളവിലുള്ള 97 ഗ്രാമങ്ങളിൽ സുവിശേഷമറിയിച്ചു. അനേകർ രക്ഷിക്കപ്പെട്ടു. സ്നാനപ്പെട്ടു. 7 വർഷം അവിടെ പ്രവർത്തിച്ചശേഷം 1970ൽ കടലൂരെത്തി. അവിടെ 1970 ഡിസംബർ 13ന് ആരാധന തുടങ്ങി. എം.ഇ.സി, ടി.കെ.എസ്, വി.റ്റി.എം. എസക്കിയേൽസാർ തുടങ്ങി...... പല കർത്തൃ ദാസന്മാരും വന്നു വേലയിൽ സഹകരിച്ചിട്ടുണ്ട്. 5 വർഷം കൊണ്ട് കർത്തൃമേശയിൽ പങ്കെടുക്കുന്ന 80പതിലധികം സഹോദരീസഹോദരന്മാരുണ്ടായി. സൺഡേസ്ക്കൂൾ 3 സ്ഥലത്ത് തുടങ്ങി. 3500ലധികം ഗ്രാമങ്ങളിൽ സുവിശേഷമറിയിച്ചു കഴിഞ്ഞു.

*69-ാമത്തെ വയസ്സിൽ ഹൃദയശസ്ത്രക്രിയ കഴിഞ്ഞു. 76 വയസ്സു കഴിഞ്ഞ ഭാര്യ ഏലിയാമ്മ ദൈവമക്കളെ ശുശ്രൂഷിച്ചും കർത്തൃവേലയിൽ ഭർത്താവിന് താങ്ങും തണലുമായി പ്രവർത്തിക്കുന്നു. ഈ ദമ്പതികൾക്ക് മക്കളില്ല. പ്രായാധിക്യത്തിൽ എത്തിയിരിക്കുന്ന അവരെ പ്രവർത്തനത്തിൽ സഹായിക്കുവാൻ വളരെ സമർപ്പണമുള്ള ഒരു സുവിശേഷകനെ ആവശ്യമായിരിക്കുന്നു. പ്രാർത്ഥിക്കുക.*

— റിപ്പോർട്ടർ



## ചിൽഡ്രൻസ് ക്ലബ്ബ്

# വൈറസ്

*ബെൻ അങ്കിൾ ആകെ 'മൂഡ്ഓഫിലാണ്'. അങ്കിളിന്റെ കംപ്യൂട്ടറിന് എന്തോ തകരാറ് പറ്റി. അതാണ് കാരണം. കൂട്ടുകാരൻ ഏതോ ഒരു പ്രോഗ്രാം ഫ്ളോപ്പിയിലാക്കി അങ്കിളിന്റെ കംപ്യൂട്ടറിൽ കൊണ്ടിട്ട് കോപ്പി ചെയ്തപ്പോൾ വൈറസ് ഉണ്ടായിരുന്നെന്നോ, കേടായെന്നോ, ഫയൽസ് എറർ ആയെന്നോക്കെ പറയുന്നതു കേട്ടു. കൂടുതൽ അറിയണമെന്നുണ്ട്. ജിനുവിന് പക്ഷേ അങ്കിളിനോട് ചോദിക്കുവാൻ പറ്റില്ല! വല്ല്യ ദേഷ്യത്തിലാ. ചേച്ചി കോളേജിൽ നിന്ന് വരുമ്പോൾ ചോദിക്കാം....*

*ചേച്ചി കോളേജിൽ നിന്ന് വന്നപ്പോൾ തന്നെ ജിനു പറഞ്ഞു. 'ബെൻ അങ്കിളിന്റെ കംപ്യൂട്ടർ കേടായി. വൈറസ് കേറിയെന്നാ പറയുന്നത്!*

*'ആണോ! എന്നിട്ട് കംപ്യൂട്ടർ ശരിയാക്കിയോ' ചേച്ചി ചോദിച്ചു.*

*'ടെക്നീഷ്യൻ വന്ന് ഇപ്പോൾ ശരിയാക്കിക്കൊണ്ടിരിക്കുകയാണ്, ചേച്ചി എന്താണ് വൈറസ്?' ജിനു ജിജ്ഞാസയോടെ ചോദിച്ചു.*

*"പേരു കേട്ടാൽ സൂക്ഷ്മ ജീവികൾ ജീവനുള്ളവ എന്നു തോന്നുമെങ്കിലും കംപ്യൂട്ടർ വൈറസുകൾക്ക് ജീവനില്ല. നിമിഷനേരം കൊണ്ട് വളർന്ന് പെരുകി കംപ്യൂട്ടർ പ്രവർത്തനങ്ങളെ താറുമാറാക്കുവാൻ ഇവയ്ക്കാവും. കമ്പ്യൂട്ടറിനെ വഴിതെറ്റിക്കുന്ന തെറ്റായ നിർദ്ദേശങ്ങളടങ്ങിയ പ്രോഗ്രാമുകളാണ് കമ്പ്യൂട്ടർ വൈറസുകൾ".*

*എന്തൊക്കെയാ ഇവയുടെ പേര്?*

*"ചങ്കുമങ്ക, എബയർമങ്കി, റെയിൻഡ്രോപ്സ്, ഡൈ ഹാർഡ് തുടങ്ങിയ ഒട്ടേറെ വൈറസുകളെ തിരിച്ചറിഞ്ഞിട്ടുണ്ട്' 'ഇതിനെ ഇല്ലാതാക്കാൻ എന്തെങ്കിലും?' ജിനുവിന്റെ അടുത്ത ചോദ്യം വന്നു കഴിഞ്ഞു.*

*"വൈറസുകളെ കണ്ടുപിടിച്ച് ഇല്ലാതാക്കുവാനുള്ള ആന്റി-വൈറസ് പ്രോഗ്രാം ഉപയോഗിച്ച് കുറെയൊക്കെ നശിപ്പിക്കുവാൻ സാധിക്കും."*

*ഹോ! മനുഷ്യശരീരം പോലെയാണോ ഈ കമ്പ്യൂട്ടറും? ജിനുവിന്റെ ചോദ്യം കേട്ട് ചേച്ചി പറഞ്ഞു.*

*'മനുഷ്യ ശരീരത്തിലെ വൈറസുകൾക്ക് ജീവനുണ്ട്. ഇവയ്ക്ക് ജീവനില്ല"*



*ഹോ! മനുഷ്യശരീരത്തിലെ വൈറസുകൾ എന്ത് അപകടകാരികളാണ്. എനിക്ക് പേടിയാകുന്നു ഇതിനെക്കുറിച്ച് കേൾക്കുമ്പോൾ. ജിനു അൽപ്പം ഭയത്തോടെ പറഞ്ഞു.*

*ചേച്ചി തുടർന്നു. "നമ്മൾ ഇപ്പോൾ പറഞ്ഞത് കമ്പ്യൂട്ടറിലെയും, മനുഷ്യ ശരീരത്തിലെയും കാര്യങ്ങളാണ്. എന്നാൽ മറ്റൊരു വൈറസ് ഇന്ന് സജീവമായി നമുക്കിടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകം കണ്ടിട്ടുള്ള ഏറ്റവും അപകടകാരിയായ വൈറസ് - ഇത് തന്നെയാണ്. മനുഷ്യ ജീവിതത്തിന്റെ പ്രോഗ്രാമുകളെ തെറ്റിയ്ക്കുന്നതും തെറ്റായ നിർദ്ദേശങ്ങൾ നല്കി യുവതലമുറയെ വഴി തെറ്റിക്കുന്ന ഈ പ്രോഗ്രാം വർഷങ്ങൾക്ക് മുമ്പ് തന്നെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതാണ്. വളരെ രഹസ്യ സ്വഭാവമുള്ളതും സാവധാനത്തിൽ പെരുകുന്നതും കണ്ടുപിടിക്കാൻ വളരെ പ്രയാസകരവുമായ ഈ വൈറസുകൾ അനേക വ്യക്തിജീവിതത്തെയും കുടുംബങ്ങളെയും താളടിയാക്കിയിട്ടുണ്ട്. മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട ഈ വൈറസ് രഹസ്യ പാപങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. പുറമെ ദൈവഭക്തിയുടെ മുഖം മൂടി ധരിച്ച് പൊതുരംഗങ്ങളിൽ ആത്മീയത നടിക്കുകയും ജീവിതത്തിൽ വിശുദ്ധി കാക്കാതെയുമുള്ള മുമ്പോട്ട് പോക്ക് സാവധാനത്തിൽ ആത്മീയ ജീവിതത്തിന്റെ പുരോഗതിയെ സാരമായി ബാധിയ്ക്കും. ഇത്തരത്തിലുള്ള വൈറസുകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടെന്ന് ബോധ്യമായാൽ ഉടൻ അവയെ നശിപ്പിക്കുകയാണ് വേണ്ടത്. ദാവീദിന്റെ പ്രാർത്ഥന ഇവിടെ ശ്രദ്ധേയം. സങ്കീർത്തനങ്ങൾ 19:12. "മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ;" നമ്മുടെ ജീവിതത്തിൽ കയറിവരുന്ന ഇത്തരം വൈറസുകളെ കണ്ടെത്തി ഉടൻതന്നെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നത് നമ്മുടെ ജീവിതത്തിലെ ശുഭകരമായ മുന്നേറ്റത്തിനിടയാകും. സദൃശ്യവാക്യങ്ങൾ 28:13.*

*"തന്റെ ലംഘനങ്ങളെ മറക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവർക്ക് കരുണ ലഭിക്കും." അത്ഭുത് കുറി നിൽക്കുന്ന ജിനുവിനെ നോക്കി ചേച്ചി തുടർന്നു. ഈ വൈറസുകൾക്ക് ചില പ്രത്യേകതകളുണ്ട്.*

*ദൈവഭയം കുറയ്ക്കും, ദൈവസ്നേഹം ലോക സ്നേഹമായി തലതിരിക്കും.*

*സാവധാനത്തിൽ മാത്രമെ പെരുകുകയുള്ളൂ. ജീവിതത്തിൽ തിരിച്ചു വരാൻ പറ്റാത്ത നിലയിൽ നമ്മെ നശിപ്പിക്കും.*

***നിങ്ങൾ എങ്ങനെയാണ്.***

*തകർന്നു പോകാതിരിക്കാൻ തയ്യാറാകുക എന്നതാണ് ഏകമാർഗ്ഗം. നമ്മുടെ ജീവിതം ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നതും ദൈവം ആഗ്രഹിക്കാത്ത ഒരു കാര്യവും ചെയ്യില്ല എന്നതും ഉറപ്പുവരുത്തി മുന്നോട്ടു പോകാം. വിജയകരമായി ജീവിതം തുടരാൻ ദൈവം നമ്മെ ഇടയാകട്ടെ....*

**ബെൻസിക് മിരൻഡാ,**
തിരുവനന്തപുരം

**വായനക്കാരുടെ ശ്രദ്ധയ്ക്ക്**

റിന്യൂവൽ ഒരു ശുശ്രൂഷയാണ്. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ കൈയ്യിൽ ഒരു വർഷം റിന്യൂവൽ എത്തിക്കുവാൻ 50 രൂപ ചിലവു വരും. നിങ്ങളുടെ വരിസംഖ്യ കാലാവധി തീരുന്നത് റിന്യൂവലിന്റെ റാപ്പറിൽ നോക്കിയാൽ അറിയാം. ഉദാ. റാപ്പറിൽ അഡ്രസ്സിന്റെ വലതു ഭാഗത്ത് S07DEC എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2007 ഡിസംബറിൽ നിങ്ങളുടെ വരിസംഖ്യ പുതുക്കണമെന്നാണ്. നിങ്ങളുടെ പ്രാപ്തി പോലെ ഈ ശുശ്രൂഷയിൽ സഹകരിക്കുക.


കൊച്ചു കൂട്ടുകാർക്കായ്
ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രിയുടെ
പുതുവത്സര ഉപഹാരം
യേശുനാഥന്റെ
കുഞ്ഞുവാവ
5 ഡേ വി.ബി.എസ്സിലൂടെ
കുട്ടികൾ പാടി ഹൃദയത്തിലേറ്റിയ
ഗാനങ്ങൾ പുതിയ താളവാദ്യങ്ങളോടെ.



Best of
5 Day VBS
Songs
തെരഞ്ഞെടുക്കപ്പെട്ട 21 ഗാനങ്ങൾ
വീണ്ടും വീണ്ടും കേൾക്കാൻ !!
വീണ്ടും വീണ്ടും പാടാൻ !!!
കൂടുതൽ വിവരങ്ങൾക്ക്
ഫോൺ : 9447341237
9895710910



വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),
ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),
ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്വേലി).
എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ – തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പബ്ലിഷർ & മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് – ടെൻസൻ ജോസഫ്.

YOUTH GUIDE

# ARE YOU AN EFFECTIVE ENCOURAGER?

Recently a news was published in a journal that a Polishman Jan Grzehski wakes from coma after 19 years! Doctors had advised his wife Gertoruda that he would not live. However, all these 19 years his wife walked with him in his wheel chair. Though he was not responding she always talked with him! She never gave up her hope. With her hope and encouragement, she brought him back to life.

When we pass through the fiery furnace of life the Lord is able to help and encourage us just as He did with Shadrach, Meshech and Abed-Nego. When we have experienced His comfort during those times, we will be able to help others as they pass through deep waters (2 Cori 1:4). If we have not experienced His comfort we would be like Job's three friends. THEY WERE MISERABLE COMFORTERS (Job 16:1,2). As we learn to rest in the Lord during our own difficulties, we will become better encouragers to others as they pass through their trials.

We will be able to encourage others if we are encouraged ourselves. 1 Sam 30:6 says David strengthened himself in the Lord his God. One must first be well nourished with the Word of God, saturated with it, in order to be an encouragement to others. Some of the messages sent by God through prophets were not merely for their immediate audience, but were recorded in scripture for our learning, warning, and encouragement today. Bible is the Holy Spirit's "chief medicine" for healing broken hearts. It has power to lift up our spirits and encourage us to go on. When we read meditate, and depend on the Bible, it gives us enlightenment, endurance, and encouragement. It is only the Word of God that is "living and operative" (Heb 4:12) and has power to change lives. Heb 3:13 says "…but exhort one another daily, while it is called today…". Also in Heb 10:25 we read "…but exhorting one another…".

Jesus encouraged everybody with His words. He said to the paralytic man "BE OF GOOD CHEER". In John 16:33, Jesus says, "In the world you will have tribulation. But, "BE OF GOOD CHEER". I have overcome the world. Also in Mathew 14:27, when the disciples were troubled Jesus spoke to them "BE OF GOOD CHEER" Jesus can still give this encouragement. He understands the human frame and knows our weaknesses and the pressure of our circumstances. Being man, he can understand a fearful discouraged heart. Moreover, being God He can strengthen the heart with His answer from above, "BE OF GOOD CHEER". Lord encouraged individuals like Joshua, Abraham, Jairus, Zacheous, Samaritan woman, Gideon etc.

In Gen 46:3, God encouraged Jacob by telling, "Fear not. Go down to Egypt". How precious to see God encouraging Jacob in such an intimate and personal way to move forward, In Luke 5:10 Jesus encouraged his hearers "not to be afraid". Lord encouraged Paul by telling "BE OF GOOD CHEER" in Acts 23:11 (Read Acts 13:43, 14:22 also). Paul told the assembly at Thessalonica to encourage one another with these words (1 Thess 4:18). Paul also encouraged timothy to "preach the Word" (2 Tim 4:2)

In Acts 4:36 'Joseph' who had been surnamed Barnabas by the apostles gained the name "SON OF ENCOURAGEMENT " or "SON OF CONSOLATION" because his life was marked by love and care towards others. Every time we see Barnabas in the New Testament, we learn that he is encouraging someone. In Acts 4:37, he encouraged others by his 'giving', when he sold property and gave the money to our Lord. We also see Barnabas being an encouraging friend to Paul (Acts 9:26, 27). When Paul came to Jerusalem after he had been saved, the saints were afraid of him. But Barnabas accepted him and brought him to the apostles. Barnabas was also an encourager to his cousin John Mark (Col. 4:10). Barnabas became a mentor to John Mark who became and effective servant of Christ.

People today are looking for something to give them hope and to help them go forward in life. There are great needs around us. They may be those who need spiritual encouragement. When we come together with other Christians, it might be a good practice to ask the Lord whom we might be able to encourage. We live in a day when there are so many ways to keep in contact with one another. Telephones, Cell phones, emails, and so many other inexpensive opportunities to keep in touch with fellow believers. How encouraging is an unexpected phone call or a simple email to let someone know that you are praying for him or her today. This is what the writer of Proverbs remind us when he writes "AS COLD WATER TO A THIRSTY SOUL , SO IS GOOD NEWS FROM A FAR COUNTRY" (Prov 25:25, 12:25)

Do we lighter one another's load or do we add to it. ? Do we realize that "pleasant words are as a honey comb, sweet to the soul and health for the bones" (Prov 16:24).

IS THERE SOMEONE YOU CAN BE AN ENCOURAGEMENT TO TODAY?

*— Anie Babu, Neyveli*

# ആദിവാസികളുടെ പേരിൽ ഒരു സംസ്ഥാനം...

*1-ാം പേജിൽ നിന്ന് തുടർച്ച*

ക്കുകയും ചെയ്തു. ഇന്ന് ആദിവാസികളായ വിശ്വാസികളടക്കം 50-ഓളം പേർ അവിടെ കൂടിവരുന്നു. 5 സുവിശേഷകരെ ഈ സഭയിൽ നിന്ന് കമന്റ് ചെയ്ത് ജാർഖണ്ഡിന്റെ വിവിധ സ്ഥലങ്ങളിൽ സുവിശേഷ വേലയ്ക്കായ് അയച്ചിട്ടുണ്ട്. ഈ വിധത്തിൽ പ്രവർത്തനങ്ങൾ പലതും നടക്കുന്നുണ്ടെങ്കിലും മുപ്പതോളം വരുന്ന ആദിവാസി ഗോത്രങ്ങളിൽ സന്താളി, മുണ്ട, ഉറാവ് ഗോത്രങ്ങളിൽ മാത്രമെ സുവിശേഷ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ. ബാക്കിയുള്ളവരുടെ സ്ഥിതി വളരെ ശോചനീയമാണ്. കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്ക് വളരെ സാധ്യതയുള്ള ഈ സംസ്ഥാനത്ത് കൂടുതൽ പ്രവർത്തനങ്ങൾക്കും, ആത്മാകൾക്കും വേണ്ടി പ്രാർത്ഥിക്കാം.

(സുവി. സി.കെ. ഐസക്ക് (കിഴക്കമ്പലം) ജാർഖണ്ഡ് സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ട്).

# മലബാർ ആത്മതപന യോഗം

*1-ാം പേജിൽ നിന്ന് തുടർച്ച*

ദൈവം നമ്മേ ഉണർത്തണമെങ്കിൽ ദൈവസന്നിധിയിൽ വിലപിച്ച് കരഞ്ഞ് ഏൽപ്പിക്കണമെന്ന് കർത്തൃദാസൻ എം. എം. സഖറിയ പറഞ്ഞു. യഥാർത്ഥ വേർപാടും നാം പാലിക്കണമെന്നും പ്രാർത്ഥിക്കുന്നവർ സ്വസ്ഥമായിരിക്കരുത് എന്നും അദ്ദേഹം ഓർപ്പിച്ചു. മലബാറിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് സുവിശേഷകന്മാരുൾപ്പെടെ നൂറോളം പേർ പങ്കെടുത്തു. ജനുവരി 8 മുതൽ 10 വരെയാണ് ആത്മതപന യോഗങ്ങൾ നടന്നത്. സഹോദരന്മാരായ എം.എം. സഖറിയ, ജോൺ കുര്യൻ, കെ. തോമസ് മാത്യു എന്നിവരും സന്ദേശങ്ങൾ നൽകി. സമാപന സന്ദേശം നൽകികൊണ്ട് സഹോ. ജോൺകുര്യൻ പറഞ്ഞു. 'എന്താണ് നമ്മുടെ പ്രാർത്ഥനാ വിഷയം? നമ്മുടെ പ്രാർത്ഥനയുടെ ഭൂരിഭാഗവും ഭൗതിക ആവശ്യങ്ങൾക്കായുള്ളതാണ്. എന്നാൽ മത്തായി 6:9ൽ കർത്താവ് പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ ഭൗതിക കാര്യങ്ങളെക്കാളുപരി ആത്മീക കാര്യങ്ങൾക്കാണ് മുൻതൂക്കം കൊടുത്തത്. ആദ്യം ദൈവത്തിന് മഹത്വം കൊടുത്തു. എന്നു പറഞ്ഞാൽ ദൈവത്തെ ആരാധിച്ചു. പിന്നീട് ദൈവത്തിന്റെ ഇഷ്ടം ഭൂമിയിൽ വരണമേ എന്ന് പ്രാർത്ഥിച്ചു. അതിനുശേഷമാണ് ഭൗതിക ആവശ്യങ്ങൾ പറയുന്നത്. ആത്മീക ഗുണങ്ങൾ നാം ദൈവത്തോട് ചോദിക്കണം - മത്തായി 7:7ൽ 'യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും.' എന്നത് ആത്മീക വളർച്ചയ്ക്കു വേണ്ടി പ്രാർത്ഥിപ്പിൻ എന്നാണ് ലൂക്കോസ് 11:13 ൽ ഇക്കാര്യം കൂടുതൽ വ്യക്തമാണ്. അവിടെ കാണുന്നത് യാചിക്കുന്നവർക്ക് 'പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും' എന്നാണ്. ഈ വിധത്തിൽ ആത്മീക വളർച്ചയ്ക്കു വേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ സർവ്വനന്മകളും ദൈവം നമുക്ക് നൽകും. (മത്തായി 7:11).

നമ്മുടെ പൂർവ്വപിതാക്കന്മാർ പ്രാർത്ഥിച്ചതും, പാടിയതും ആത്മീയ നന്മകൾക്കുവേണ്ടിയാണ്. അവരുടെ പിൻതലമുറക്കാരായ നമുക്ക് ആ നന്മയുടെ അംശം പറ്റുവാൻ ഇടയായ് തീർന്നു. എന്നാൽ ഇന്ന് നാം എങ്ങനെയാണ്? ശരിയായ രീതിയിൽ പ്രാർത്ഥിക്കുന്നവരാണോ? കർത്താവ് പഠിപ്പിച്ച മാതൃകയിൽ പ്രാർത്ഥിക്കുവാൻ അങ്ങനെ ശീലിക്കുവാൻ നാം ഒട്ടും വൈകി കൂടാ. അങ്ങനെ നാം ചെയ്താൽ നാമും നമ്മുടെ ഭാവി തലമുറയും അനുഗ്രഹിക്കപ്പെടും'.

കുടുംബ വേദി



# മനോഹരമായ വിവാഹം

ദൈവം നേരിട്ട് ഇടപെട്ട് നടത്തപ്പെട്ട രണ്ട് വിവാഹങ്ങൾ വേദപുസ്തകത്തിൽ കാണാൻ കഴിയും. അതിൽ ആദ്യത്തേത് ആദാം, ഹൗവ വിവാഹമാണ്. രണ്ടാമത്തേത് യിസഹാക്കിന്റെയും റിബേക്കയുടെയുമാണ്. ഉൽപ്പത്തി പുസ്തകം 24-ാം അദ്ധ്യായത്തിൽ ഈ വിവാഹാലോചനയുടെ വഴികൾ നോക്കുമ്പോൾ അതിനെക്കുറിച്ചുള്ള ദൈവത്തിന്റെ താല്പര്യം (Concern) കാണുവാൻ കഴിയും. ദൈവത്തിന്റെ സാന്നിധ്യത്തിനും, ഹിതത്തിനുമായി അബ്രഹാം ആദ്യം ദൈവത്തിങ്കലേക്ക് നോക്കി. തന്റെ ദാസനായ ഏലയാസറിനെ മകന് ഭാര്യയെ കണ്ടെത്തുവാൻ പറഞ്ഞയക്കുമ്പോൾ "ദൈവം തന്റെ ദൂതനെ നിനക്ക് മുമ്പായി അയക്കും എന്നു പറയുകയാണ്. ഈ ഉറപ്പ് അബ്രഹാമിന് കിട്ടിയത് എവിടെ നിന്നാണ്? വർഷങ്ങൾക്കു മുമ്പ്തന്നെ തന്റെ മരുമകൾക്കു വേണ്ടി അബ്രഹാം ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു. അതിൽ ദൈവത്തിന്റെ വാഗ്ദത്തവും താൻ ഊന്നിപറയുന്നുണ്ട്. (ഉൽ. 24:7).



നാഹോരിന്റെ പട്ടണത്തിന് പുറത്ത് എത്തിയ ഏലയാസർ ദൈവമുമ്പാകെ മുട്ടുമടക്കി തന്റെ യജമാനായ അബ്രഹാമിനോട് കൃപ ചെയ്യണമെന്ന് പ്രാർത്ഥിച്ച്, ദൈവത്തിന്റെ വഴികളെ ആരാഞ്ഞാണ് റിബേക്കയെ ദാസൻ കാണുന്നത്. ദൈവം കാണിച്ചവഴിയിലൂടെ റിബേക്കതന്നെയാണ് യജമാനന്റെ മകന് ദൈവം ഒരുക്കിയ ഭാര്യ എന്ന് ഉറപ്പ് വന്നപ്പോൾ ദൈവത്തെ ആരാധിച്ചു (ഉൽ. 24:26). ദൈവം തന്നെ ദൈവത്തിന്റെ വഴിയിൽ കൊണ്ടുവന്നു എന്ന് ഏലയാസർ റിബേക്കയുടെ ഭവനത്തിലുള്ളവരോട് സാക്ഷീകരിക്കുകയും ചെയ്തു. (ഉൽ. 24:48). ലാബാനും, ബെഥുവേലും ഇക്കാര്യത്തിൽ പ്രതികരിക്കുന്നതും 'ഇത് ദൈവത്തിന്റെ വഴിയെന്നാ ണ് (ഉൽ. 24:50). ഇത് ദൈവത്തി ന്റെ ഹിതം എന്ന് മനസിലാക്കിയ റിബേക്കാ ദാസനോടുക്കൂടെ പോകുവാൻ ഒട്ടും താമസിച്ചില്ല. യിസഹാക്ക് ധ്യാനിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ദാസനും റിബേക്കയും ഒട്ടകപ്പുറത്ത് വരുന്നത് താൻ കാണുന്നത്.

വളരെ മനോഹരമായ് ദൈവവും മനുഷ്യനും ചേർന്ന് ആലോചിച്ച് നടത്തിയ വിവാഹമായിരുന്നു അത്. ഇതിൽ ഏർപ്പെട്ടവരെല്ലാം ദൈവത്തിന്റെ ഹിതത്തിനായ് പ്രാർത്ഥിച്ചു. മകന്റെ ഭാര്യക്കു വേണ്ടി പ്രാർത്ഥിക്കുന്ന പിതാവ്, യജമാനന്റെ മരുമകൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന ദാസൻ, ഭാര്യക്കു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന യിസഹാക്ക്..... ഇന്നാളുകളിൽ നമ്മുടെ ഇടയിലെ വിവാഹങ്ങളും ഇതുപോലെയായിരുന്നെങ്കിൽ....!

*— ജെകെ.*

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും

## WANTED BRIDE GROOM

**RM No : 727 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'2" ഉയരം. B.Com. Computer. ജോലിയുണ്ട്.

**RM No : 728 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5' ഉയരം. SSLC

**RM No : 729 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'3" ഉയരം. GNM Nurse. (നാമധേയ ക്രിസ്തീയ സമുദായത്തിൽ നിന്ന് ഒറ്റയ്ക്ക് വേർപെട്ടുവന്ന സഹോദരി).

**RM No : 730 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'1" ഉയരം. B.A., D.Pharm. ജോലിയുണ്ട്.

## WANTED BRIDE

**RM No : 731 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 6' ഉയരം. MBA, അവീവയിൽ ജോലി.

**RM No : 732 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'7" ഉയരം. B.Th. Post Graduate in Export - Import, LL.B. വടക്കെ ഇന്ത്യയിൽ ജോലി.

**RM No : 733 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'6" ഉയരം. ITI (Electrical).

**RM No : 734 -** Brethren Parents invite proposal for thier son. 34/6''. Professionaly qualified and working. U.S. Citizen, family will be in Kerala in January 2008.

**RM No : 735 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'8" ഉയരം. Marine Engg., സിംഗപ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു അമേരിക്കൻ കപ്പലിൽ ജോലി. മാർച്ചിൽ നാട്ടിൽ വരും.

**RM No : 736 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 31 വയസ്സ് 5'5" ഉയരം. PDC സുവിശേഷകൻ.

**RM No : 737 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'9" ഉയരം. Mechanical Engg. Dip. ഗൾഫിൽ ജോലി. ഫെബ്രുവരിയിൽ നാട്ടിൽ വരുന്നു.

**RM No : 738 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'6" ഉയരം. കൃഷി.

**RM No : 739 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 30 വയസ്സ് 5'6" ഉയരം. B.Com., Computer. ഗൾഫിൽ ജോലി. ഉടൻ നാട്ടിൽ വരുന്നു.

**RM No : 740 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'7" ഉയരം. MPM, M.Th. സുവിശേഷകൻ.

**RM No : 741 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'9" ഉയരം. SSLC, JCB Operator. സുവിശേഷകൻ.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

## യുവജന സമ്മേളനം

തൃശൂരിലുള്ള യുവതി യുവാക്കൾക്കായി ഒരു ഏകദിന സമ്മേളനം 2008 ജനുവരി 26ന്, സമയം 9.30 മുതൽ 4 വരെ നെല്ലിക്കുന്ന് സീയോൻ ബ്രദ്റൻ ചർച്ചിൽ വച്ച് നടക്കുന്നു. – ജോഷി ജോൺ സി, ടിമ്മി ആഡംസ്

## വളക്കോട് – ഇടുക്കി

വളക്കോട് ബ്രദ്റൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ ഗ്രാമ സുവിശേഷീകരണ പ്രവർത്തനം നടക്കുന്നു. ഭവന സന്ദർശനം, പരസ്യയോഗം, രാത്രി യോഗങ്ങൾ, ഫിലിം പ്രദർശനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. അനുകൂല സാഹചര്യം ഉണ്ടാകുവാനും ഗ്രാമവാസികൾ രക്ഷിക്കപ്പെടുവാനും ദൈവമക്കൾ പ്രാർത്ഥിക്കണമേ. സുവി. പി.പി. വർഗീസും കുടുംബവും ആണ് ഇവിടെ പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷം സഭാ കൂടിവരവ് തുടങ്ങി. ഇപ്പോൾ 25ഓളം ആളുകൾ സഭാ യോഗങ്ങളിൽ സംബന്ധിക്കുന്നു. Evg. P.P. Varghese, Logos Bhavan, Brethern Assembly - Valakodu, Mathaipara (PO), Mathaipara, Idukki Dist. - 685505.

## ബ്രദ്റൻ ബൈബിൾ ട്രെയിനിങ്ങ് സ്കൂൾ

പുതുതായി രക്ഷിക്കപ്പെട്ടു വരുന്നവരെ ടാറ്റാ നഗർ സഭാഹാളിൽ താമസിപ്പിച്ച് അവർക്ക് ഹ്യസ്വകാല വേദപഠനം നൽകുന്നു. കഴിഞ്ഞ 12 വർഷങ്ങൾക്കുള്ളിൽ ഇവിടെ 200ലധികം പേർ ഈ പ്രവർത്തനം മുഖാന്തരം പരിശീലനം നേടിക്കഴിഞ്ഞു. ഇവിടെ പഠനം പൂർത്തിയാക്കിയ 40–ഓളം പേർ ബീഹാർ, ജാർഖണ്ഡ് സംസ്ഥാനങ്ങളിൽ സുവിശ്ഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ 2006 ജനുവരി മുതൽ അനാഥരായ കുട്ടികൾക്കു വേണ്ടി മേഴ്സി ഹോം എന്ന പേരിൽ ഒരു അനാഥാലയവും ആരംഭിച്ചു. 18 കുട്ടികൾ ഇപ്പോൾ ഇവിടെയുണ്ട്. ഈ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

## പ്രാർത്ഥനയ്ക്ക്

ഇങ്ങളം, പാക്കം എന്നീ പ്രദേശങ്ങളിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി കൃഷ്ണഗിരി സഭയിൽ നിന്ന് സുവി. എ.വി. വത്സലം പുൽപ്പള്ളിക്കുടത്ത് വേലിയിമ്പം എന്ന സ്ഥലത്തേക്ക് താമസം മാറ്റിയിരിക്കുന്നു. പുതിയ വിലാസം – എ.വി. വത്സലം, ഗോസ്പ്പൽ ഹോം, വേലിയിമ്പം, പുൽപ്പള്ളി – 673579 വയനാട്. ഫോൺ – 9495144303.

## നാഗാലാന്റ്

മകന്റെ അസുഖത്തെ തുടർന്ന് കേരളത്തിലേക്ക് പോരേണ്ടിവന്ന സുവി. ഒ. ജോർജ്ജ് കുട്ടി വീണ്ടും നാഗാലാന്റിൽ പ്രവർത്തനം ആരംഭിച്ചു. സഹോദരന്റെ ഇപ്പോഴത്തെ വിലാസം - O. Gerogekutty, P.O. Box 18, ARTC P.O., Nagaland - 797115.

## സുവിശേഷ പ്രവർത്തനങ്ങൾ നടന്നു.

പാലക്കാട് കോട്ടിക്കുളം സഭയും, പാലക്കാട് വൈ.എം.ഇ.എഫും ചേർന്ന് ഡിസംബർ 27 മുതൽ 29 വരെ സംയുക്ത സുവിശേഷ പ്രവർത്തനങ്ങളും യോഗങ്ങളും നടത്തി. സുവി. Samuel P. Abraham, Pullanimannil House, Kottikulam, Korenchira P.O., Palakkad - 678684.

## പുതിയ വിലാസം

ഇടുക്കി കമ്പംമേട്ട് പ്രവർത്തിക്കുന്ന സുവി. പി.ഡി. വർഗ്ഗീസിന്റെ പുതിയ വിലാസം – P.D. Varghese, Gospel Centre, Cumbummattu P.O., Vandanmedu, Idduki - 685551.

# നമുക്കു ചുറ്റും

## ഫാമിലി ലൈഫ് അവയർനസ്സ് പ്രോഗ്രാം (ഫ്ളാപ്പ്)

വിവാഹപ്രായമായ യുവതീയുവാക്കൾക്കായി എറണാകുളം നോർത്ത് ബ്രദ്റൻ സഭാഹാളിൽവച്ച് ജനുവരി 12ന് നടന്ന ഫാമിലി ലൈഫ് അവയർനസ്സ് പ്രോഗ്രാമിൽ 70ഓളം യുവതിയുവാക്കൾ പങ്കെടുത്തു. സഹോ. ജെയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ചാക്കോ എന്നിവർ ക്ലാസ്സുകൾ എടുത്തു. കഴിഞ്ഞ വർഷമാണ് ഇത്തരം മീറ്റിംഗുകൾ നമ്മുടെ ഇടയിൽ ആദ്യമായി ആരംഭിച്ചത്. തിരുവനന്തപുരത്തും ബാംഗ്ലൂരിലും നടന്ന ഈ പ്രോഗ്രാമുകൾ വൻ വിജയമായിരുന്നു. കേരളത്തിൽ ഇത്തരം മീറ്റിംഗുകൾ അനവധിയായി നടത്താൻ ദൈവമക്കൾ പ്രാർത്ഥിക്കുക.

## നിത്യതയിൽ



40ഓളം വർഷങ്ങളായി സുവിശേഷ പ്രവർത്തനത്തിലായിരുന്ന സഹോ. ജെയിംസ് ടൈറ്റസ് ജലന്തറിൽ വച്ച് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ചില നാളുകളായി കിഡ്നി സംബന്ധമായ ഗുരുതര രോഗത്തിന്റെ ചികിത്സയിലായിരുന്നു. തിരുവല്ല വെണ്ണിക്കുളം സ്വദേശിയാണ്. പായിപ്പാട് പാലകൊട്ടായിൽ അമ്മിണിയാണ് ഭാര്യ. മക്കൾ ജോൺസൺ, ആൽഫി, ഷാലി, ലാലി.

## വില്യം മക്ഡോണാൾഡ് കർത്തൃസന്നിധിയിൽ



ബിലീവേഴ്സ് ബൈബിൾ കമന്ററിയുടെ എഴുത്തുകാരനും മാതൃകാപരമായ ജീവിതത്തിലൂടെ അനവധി പേരെ യഥാർത്ഥ ശിഷ്യത്വത്തിലേക്ക് നയിച്ച ഭക്തനുമായ വില്യം മക്ഡോണാൾഡ് ഡിസംബർ 25നാണ് ലോകത്തോട് യാത്ര പറഞ്ഞത്. തന്റെ ആഗ്രഹമനുസരിച്ച് ലളിതമായ നിലയിൽ ഒരു മണിക്കൂർ മാത്രം ദീർഘിച്ച ശുശ്രൂഷയ്ക്ക് ശേഷം കാലിഫോർണിയയിൽ ഭൗതിക ശരീരം അടക്കം ചെയ്തു. ട്രൂ ഡിസൈപ്പിൾഷിപ്പ്, തിങ്ക് ഓഫ് യുവർ ഫ്യൂച്ചർ തുടങ്ങി അനവധി പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

# പോൾ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട്

## ശിഷ്യത്വ പരിശീലനം

10 ദിവസത്തെ തീവ്ര പരിശീലന പരിപാടി. വലിയ നിയോഗത്തിൽ താൽപര്യമുള്ള ആർക്കും പങ്കെടുക്കാം. യുവതീയുവാക്കൾക്ക് മുൻഗണന. ഇപ്പോൾ മിഷൻ ഫീൽഡിലുള്ളവർക്കും ദർശനം പുതുക്കാനും ബാറ്ററി ചാർജ്ജ് ചെയ്യാനുമുള്ള ഇടവേള. താമസ സൗകര്യം ലഭ്യമാണ്. ആത്മീക ദർശനം, കുടുംബജീവിതം, സഭാ പരിപാലനം, വിശ്വാസ ജീവിതം, അടിസ്ഥാന ഉപദേശ സത്യങ്ങൾ, കാര്യവിചാരകത്വം, ഫലപ്രദമായ മിഷൻ പ്രവർത്തനങ്ങൾ, ആശയ വിനിമയം, കുട്ടികൾ യുവജനങ്ങൾ ഇവരുടെ ഇടയിലെ പ്രവർത്തനങ്ങൾ, ശക്തമായ പ്രാർത്ഥനാ ജീവിതം തുടങ്ങിയ വിഷയങ്ങളേപ്പറ്റിയുള്ള ക്ലാസ്സുകൾ. ദൈവം വളരെ ഉപയോഗിക്കുന്ന ദൈവദാസൻമാരുടെ അനുഭവങ്ങൾ കേൾക്കാനും അവസരം. ഓരോ ബാച്ചിലും 10 പേർക്ക് പ്രവേശനം. കൂടുതൽ പേരുണ്ടെങ്കിൽ അടുത്ത ബാച്ച്! (കേരളത്തിന് പുറത്തുനിന്നുള്ളവർക്ക് അവരുടെ ഭാഷയിൽ). അവധിക്ക് നാട്ടിൽ വരുന്നവർക്ക് പ്രത്യേക ബാച്ച്. ആദ്യ ബാച്ച് 2008 ഫെബ്രു. 13 മുതൽ (മലയാളം മീഡിയം) ജനു. 31ന് മുമ്പ് രജിസ്റ്റർ ചെയ്യണം. (തിരുവല്ല ചുമത്ര ബ്രദ്റൻ സഭയുടെ സഹകരണത്തിൽ). കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും – പോൾ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട്, ചുമത്ര പി.ഒ., തിരുവല്ല–689 103. ഫോൺ – 0469–2601532, 94473 60417, 99474 51375. കെ. തോമസ് മാത്യു, ബെഞ്ചമിൻ ജോസഫ്.

## കൺവൻഷൻ ഡയറി 2008

**നെയ്യാറ്റിൻകര:** സുവിശേഷ യോഗം ജനുവരി 25 മുതൽ 27 വരെ.

**നടത്തറ** : സെന്ററിൽ വെച്ച് ഫെബ്രുവരി 8 മുതൽ 10 വരെ.

**പോങ്ങുംമൂട്** : സഭാഹാളിൽ ഫെബ്രുവരി 8 മുതൽ 10 വരെ.

**കങ്ങഴ:** ഫെബ്രുവരി 15 മുതൽ 17 വരെ ദേവഗിരി ജംഗ്ഷനിൽ തയ്യാർ ചെയ്യുന്ന പന്തലിൽ

# പ്രയർ കലണ്ടർ ഫെബ്രുവരി 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിററ് സ്തുതി:<br>5 മിനിററ് നന്ദി (സ്ത്രോതം):<br>5 മിനിററ് ഏററുപറച്ചിൽ:<br>20 മിനിററ് വചനധ്യാനം:<br>20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിററ് അപേക്ഷ: | **3** സഭയ്ക്കു വേണ്ടി. ആരാധന, വചന ശുശ്രൂഷ, സൺഡേസ്കൂൾ, യൂത്ത് മീറ്റിങ്ങ്, ബൈബിൾ സ്റ്റഡി, പരസ്യയോഗം, പ്രാർത്ഥനായോഗം, ഭവനയോഗം എന്നിവയ്ക്കുവേണ്ടി. ഞായറാഴ്ച യോഗം സജീവമാകുവാനും കൂടുതൽപ്പേർ പങ്കാളികളാകുവാനും. മുടങ്ങി കിടക്കുന്ന യോഗങ്ങൾ പുനഃരാരംഭിക്കുവാനും. | **10** സഭാ മൂപ്പന്മാർ, സുവിശേഷകർ, ശുശ്രൂഷകർക്കു വേണ്ടി. ഇവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടിയും. മൂപ്പന്മാർ ദൈവഭക്തിയിലും വഴിയിലും നിലനിൽക്കുവാൻ. സുവിശേഷകർ ചെയ്യുന്ന പ്രവർത്തനങ്ങളെ ഓർത്ത്. നിങ്ങളുടെ സഭയിൽ നിന്ന് സുവിശേഷ പ്രവർത്തനത്തിനായ് പോയിട്ടുള്ളവരുണ്ടെങ്കിൽ അവരെയും ഓർത്ത്. | **17** സഭയിലെ ഓരോ കുടുംബങ്ങളെയും ഓർത്ത്. പേരുപേരായി. വാർദ്ധക്യത്തിലിരിക്കുന്നവർ, രോഗികൾ എന്നിവർക്കുവേണ്ടി പ്രത്യേകം. ജോലിക്കായ് കാത്തിരിക്കുന്നവർ, വിദ്യാർത്ഥികൾ, കുട്ടികൾ, വിവാഹപ്രായമായവർ എന്നിവർക്കുവേണ്ടി. അന്യോന്യം സ്നേഹത്തിലും ഐക്യത്തിലും നിലനിൽക്കുവാൻ. | **24** അയൽ സഭകളെയും, സുവിശേഷ വിഹിത സഭകളെ ഓർത്ത്. നാമധേയ ക്രിസ്തീയ വിഭാഗത്തെയും നേതൃത്വത്തിലിരിക്കുന്നവരെയും ഓർത്ത്. അവർ ഏർപ്പെട്ടിരിക്കുന്ന ആതുര, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഓർത്ത്. ശരിയായ കാഴ്ചപാടുണ്ടാകുവാനും ഈ പ്രവർത്തനങ്ങൾ മുഖാന്തരം ക്രിസ്തീയ സ്നേഹം മറ്റുള്ളവർ അറിയുവാനും. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **4** ഭരണാധികാരികൾക്കും രാജ്യത്തിന്റെ സുരക്ഷയ്ക്കും വേണ്ടി. പാക്കിസ്ഥാനിൽ ഉണ്ടായ സംഭവത്തെ തുടർന്ന് ഇന്ത്യയിൽ സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കിയിരിക്കുന്നു. ഫെബ്രുവരി 18ന് പാക്കിസ്ഥാനിൽ തെരഞ്ഞെടുപ്പ്. ജനാധിപത്യം സ്ഥാപിക്കപ്പെടുവാൻ. പ്രസിഡന്റ് പർവേശ് മുശാറഫിനു വേണ്ടി. | **11** ഭാരതത്തിലെ നേതാക്കൾക്കുവേണ്ടി. പ്രസിഡന്റ് പ്രതിഭാ പാട്ടീൽ, വൈസ് പ്രസിഡന്റ് ഹമീദ് അൻസാരി, പ്രധാനമന്ത്രി മൻമോഹൻസിംഗ്, ആഭ്യന്തരം – ശിവരാജ് പാട്ടീൽ, പ്രതിരോധം – എ.കെ. ആന്റണി, ധനകാര്യം – പി. ചിദംബരം, റയിൽവേ – ലല്ലു പ്രസാദ്, മാനവശേഷി – അർജുൻ സിംഗ്, കൃഷി – ശരത്പവ്വാർ. | **18** സംസ്ഥാന മുഖ്യമന്ത്രിമാരെ ഓർത്ത്. ഗുജറാത്തിൽ വീണ്ടും അധികാരത്തിൽ വന്ന നരേന്ദ്രമോഡിയെ ഓർത്ത്. പ്രത്യേക ഭരണ പ്രക്രിയയിൽ പ്രധാന പങ്കുവഹിക്കുന്ന IAS, IPS ഉദ്യോഗസ്ഥർക്കും, സുപ്രീംകോർട്ട്, ഹൈകോർട്ട്, ജില്ലാ കോർട്ട് ന്യായാധിപന്മാർക്കുവേണ്ടിയും. നീതിയോടെ രാജ്യഭരണത്തിൽ ഏർപ്പെടുവാനും. | **25** കേരളത്തിലെ ഭരണ നേതാക്കൾ. വി. എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി), കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരം), ഐസക്ക് തോമസ് (ധനകാര്യം), എസ്. ശർമ്മ (വൈദ്യുതി), മുല്ലക്കര രത്നാകരൻ (കൃഷി), മാത്യു ടി. തോമസ് (ഗതാഗതം), മോൻസ് ജോസഫ് (മരാമത്ത്), ബിനോയ് വിശ്വം (വനം), കെ.പി. രാജേന്ദ്രൻ (റവന്യു), ജി. സുധാകരൻ (ദേവസ്വം). |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി |  | **5** നിങ്ങൾ അനുദിനം കണ്ടുമുട്ടുന്നവരെ ഓർത്ത് പ്രാർത്ഥിക്കുക. (പേരറിയാൻ സാവകാശമുണ്ടെങ്കിൽ ശേഖരിക്കുക). നിങ്ങളുടെ കൂട്ടുകാരെ ഓർത്ത് (ഒരു പ്രാവശ്യമെങ്കിലും അവരോട് സുവിശേഷം പറഞ്ഞിട്ടുണ്ടോ?) അദ്ധ്യാപകർ, കൂടെ ജോലി ചെയ്യുന്നവർ എന്നിവരെ ഓർത്തും. | **12** സുവിശേഷ വിരോധികൾ മൂലം പ്രയാസം അനുഭവിക്കുന്ന സുവിശേഷകരെ ഓർത്ത് പ്രത്യേകം. ഹരിയാന, കർണ്ണാടക, ഒറിസ്സ, മഹാരാഷ്ട്ര ജില്ലകളിൽ ഈ അടുത്ത സമയത്ത് എതിർപ്പുകൾ വർദ്ധിച്ചിരിക്കുന്നു. എതിർപ്പുകൾ കുറയുവാനും, അനേകർ ഈ സ്ഥലങ്ങളിൽ നിന്ന് കർത്താവിനെ കണ്ടെത്തുവാനും. | **19** സുവിശേഷ വിരോധികൾ രക്ഷിക്കപ്പെടുവാൻ, തീവ്രവാദി സംഘടന നേതാക്കൾ, ആർ.എസ്.എസ്., വി.എച്ച്.പി., ബജ്റംഗദൾ, ജയ്ഷെ മുഹമ്മദ്, ലക്ഷ്കറെ തോയിബ എന്നീ സംഘടനാ നേതാക്കളുടെ പേരു പറഞ്ഞ് അവർ മാനസാന്തരപ്പെടുവാനും, രക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കുക. | **26** രക്ഷിക്കപ്പെടാത്ത ബന്ധുമിത്രാദികൾക്കായി. അവരെ സന്ദർശിച്ച് അല്ലെങ്കിൽ പ്രത്യേക യോഗം വിളിച്ച് സുവിശേഷം പങ്കുവെക്കുക. സഹപ്രവർത്തകർ, അയൽക്കാർ, കൂട്ടുകാർ എന്നിവരുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുക. ഒരു ട്രാക്റ്റെങ്കിലും കൊടുക്കുവാൻ ശ്രമിക്കുക. |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | | **6** സൗഖ്യമില്ലാത്തവർക്കായി അവരെ ശുശ്രൂഷിക്കുന്നവർക്കായി. കഴിഞ്ഞ ആഴ്ചയിൽ പ്രാർത്ഥിച്ചവരുടെ രോഗ വിവരം അന്വേഷിച്ച് ആവശ്യമെങ്കിൽ പ്രാർത്ഥന തുടരുക. ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. | **13** വാർദ്ധക്യത്തിന്റെ പ്രയാസമനുഭവിക്കുന്ന നിങ്ങളുടെ സഭയിലുള്ളവരെ ഓർത്ത്. പി.കെ. മാത്യൂസ് (തിരുവല്ല), കെ. എ. കുര്യൻ (ചേരാനെല്ലൂർ), സി. റാഫേൽ (ഇടയക്കുന്നം), കുഞ്ഞമ്മ സൈമൺ (കലൂർ). നിങ്ങൾക്കറിയാവുന്ന വറ്റുള്ളവർക്കായും. അവരെ ശുശ്രൂഷിക്കുന്നവർക്കായും. | **20** വടക്കെ ഇന്ത്യയുടെ പല പ്രദേശങ്ങളിലും, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും, വൈദ്യസഹായമില്ലാതെ പ്രയാസപ്പെടുന്നവർക്കായി. വിശ്വസികളായ ഡോക്ടർമാർക്കും, നേഴ്സുമാർക്കും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പോയി പ്രവർത്തിക്കേണ്ടതിന്, ദർശനം ലഭിക്കുവാൻ. പക്കാഞ്ചോർ ആശുപത്രിക്കായ്. | **27** നാം പ്രാർത്ഥിച്ച് അനേകർക്ക് ആശ്വാസം ലഭിക്കുകയും, പലർക്കും പരിപൂർണ സൗഖ്യം ലഭിക്കുകയും ചെയ്തതോർത്ത് ദൈവത്തിന് നന്ദി പറയാം. പ്രത്യേക രോഗങ്ങളാൽ പ്രയാസപ്പെടുന്ന കുഞ്ഞുങ്ങൾക്കായ് – സ്റ്റെവിൻ (പത്തനാപുരം), മെർലിൻ (മേപ്രാൽ), നിയ (ഇടയക്കുന്നം), മനുവേൽ (കുടിയാമ്പലം). |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | | **7** വടക്കെ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. തദ്ദേശിയരായവർ. വേലക്കായി എഴുന്നേൽക്കുവാൻ സുവിശേഷകന്മാരുടെ ലിസ്റ്റ് തയ്യാറാക്കുക. അവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടി. സുരക്ഷിതത്വത്തിനായും, ഭൗതിക ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുവാനും, ഛത്തീസ്ഘഡിനായി. | **14** നമ്മുടെ ദേശത്ത് ഉണർവ്വുണ്ടാകുവാനും അനേകർ രക്ഷിക്കപ്പെടുവാനും, വചനം സംസാരിക്കുവന്നവർക്കുവേണ്ടി. പരസ്യമായി സുവിശേഷ പ്രവർത്തനങ്ങൾ നടത്തുവാൻ എതിർപ്പുള്ള സംസ്ഥാനങ്ങളെ ഓർത്ത്, പ്രത്യേകിച്ച് ഹരിയാനയ്ക്കു വേണ്ടി. നാഷനൽ മിഷണറി ചലഞ്ച് കോൺഫറൻസിന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി. | **21** വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ പഞ്ചാബിൽ ചെയ്യുന്ന പ്രവർത്തനങ്ങളും സൗത്ത് ഡിവിഷൻ കർണ്ണാടകയിൽ ചെയ്യുന്ന പ്രവർത്തനങ്ങളും ഓർത്ത്. ടീം അംഗങ്ങൾക്കായി. കൂടുതൽ പേർ വേലയ്ക്കായി കടന്നുപോകുവാൻ. ട്രാക്റ്റിന്റെയും, ചെറുപുസ്തകങ്ങളുടെയും ലഭ്യതയ്ക്കായി. സാമ്പത്തീക ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ. | **28** മാസവേല, മാസയോഗം, ബൈബിൾ സൊസൈറ്റികൾ, ട്രാക്റ്റ് സൊസൈറ്റികൾ, ആശുപത്രി സുവിശേഷീകരണം, റേഡിയോ, ടി.വി. ഇന്റർനെറ്റ് തുടങ്ങിയവയിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾ. സ്റ്റിവാർഡ് ബൈബിൾ കോളേജ് (ചെന്നൈ), ബംഗാൾ ബൈബിൾ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, ബ്രദ്റൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് (പത്തനംതിട്ട). |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | **1** ചെക്ക് റിപ്പബ്ലിക്കിനു വേണ്ടി പ്രാർത്ഥിക്കുക. മധ്യ യൂറോപ്പിൽ ജർമ്മനിക്കു സമീപം സ്ഥിതി ചെയ്യുന്ന രാജ്യം, ഓസ്ട്രേലിയ, സ്ലോവാക്യ, സ്വിറ്റ്സർലന്റ് (മദ്ധ്യയൂറോപ്പൻ രാജ്യങ്ങൾ), എവരി ഹോം ക്രൂസേഡ് പ്രവർത്തനങ്ങൾ ഈ രാജ്യങ്ങളിൽ നടക്കുന്നുണ്ട്. | **8** ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി. ബെനിൻ – പടിഞ്ഞാറ് ആഫ്രിക്കയിൽ നൈജീരിയയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന രാജ്യമാണ്. സെനഗൽ – പടിഞ്ഞാറ് ആഫ്രിക്കയുടെ അറ്റത്ത് സ്ഥിതി ചെയ്യുന്ന രാജ്യം 90 ശതമാനം മുസ്ലീങ്ങൾ. | **15** അമേരിക്കൻ ആഭ്യന്തര വകുപ്പിന്റെ കീഴിൽ ശാന്തസമുദ്രത്തിൽ കിടക്കുന്ന ദ്വീപുകളാണ് സമോമ, ബഹാമാസ് കരീബിയൻ കടലിലെ ദ്വീപ് സമൂഹം. ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലുള്ള സ്വതന്ത്ര രാജ്യമാണ്. | **22** ബറുണ്ടി – മദ്ധ്യപൂർവ്വ ആഫ്രിക്ക, ടാൻസാനിയ, (മദ്ധ്യപൂർവ്വ ആഫ്രിക്ക), ഘാന, സിയാറലിയോൺ (പശ്ചിമാഫ്രിക്ക). സെർബിയ മോൺടിനേ ഗ്രോക്, യൂഗോസ്ലാവിയ (മദ്ധ്യയൂറോപ്പ്). | **29** സ്വിറ്റ്സർലന്റ്, സ്ലോവാക്യ മുതലായ യൂറോപ്പ്യൻ രാജ്യങ്ങൾ, ഇന്ത്യയോട് ചേർന്നു കിടക്കുന്ന മ്യാൻമാർ, ബംഗ്ലാദേശ്, ശ്രീലങ്ക, മാലി, നേപ്പാൾ, ഭൂട്ടാൻ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങൾക്കുവേണ്ടി. ലാറ്റിനമേരിക്കൻ രാജ്യങ്ങൾളായ ബ്രസീൽ കൊളമ്പിയ, ചിലി, പെറു. |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **2** മദ്ധ്യവേനൽ അവധിക്കാലത്ത് നടക്കുന്ന വി.ബി.എസ്. പ്രവർത്തനങ്ങൾക്കായി, സിലബസ് തയ്യാറാക്കുന്നവർക്കായി. പാട്ടുകൾ ഒരുക്കുന്നവർക്കായി. പ്രിന്റിംഗ് തുടങ്ങിയ സാമ്പത്തികാവശ്യങ്ങൾക്കായി. 5 ഡേ വി.ബി.എസ്. ശുശ്രൂഷകർക്കായി. ചുമതല വഹിക്കുന്നവർക്കായി. അനേക കുട്ടികൾ രക്ഷിക്കപ്പെടുവാൻ. | **9** കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി, സൺഡേ സ്കൂൾ ശുശ്രൂഷ, രക്ഷിക്കപ്പെടാത്ത കുട്ടികളുടെ പേരു പറഞ്ഞ്. ചിൽഡ്രൻസ് ക്ലബ്ബുകൾക്കായി, കൂടുതൽ പേർ ശുശ്രൂഷക്കായി മുന്നോട്ടു വരുവാൻ. രഹബോത്ത് സ്കൂളിനായി (തൃശൂർ). വടക്കെ ഇന്ത്യയിൽ കൂടുതൽ മിഷൻ സ്കൂളുകൾ ആരംഭിക്കുവാൻ. | **16** തെരുവു കുട്ടികളുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുവർക്കായി, ഓർഫനേജുകൾ, മിഷൻ സ്ക്കൂളുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി, അനേക കുട്ടികൾ ദൈവത്തെ അറിയുവാൻ, കുട്ടികളുടെ ഇടയിൽ നടക്കുന്ന പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുക. സി.ഇ.എം., എസ്.ബി.എസ്., സി.ഇ.എഫ്. പ്രവർത്തനങ്ങൾക്കായി. | **23** യുവജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾ, വൈ.എം.ഇ.എഫ്. ക്യാമ്പയിനുകൾ ഓർത്ത് സ്തോത്രം ചെയ്യാം. ഈ പ്രവർത്തനങ്ങൾ മുഖാന്തരം അനേകർ കർത്താവിനായി പ്രയോജനപ്പെടുവാൻ. കറസ്പോണ്ടൻസ് കോഴ്സുകൾക്കു വേണ്ടി. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കായി. ഏപ്രിൽ 2–7 വരെ എസ്.എസ്.എൽ ക്യാമ്പ്. | **നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക.**<br>**പ്രയർ കലണ്ടർ, C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.** |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,